# 85/25-M

| ചോദ്യ പുസ്തക ക്രമനമ്പർ |
| --- |
| |

ചോദ്യപുസ്തക അക്ഷരകോഡ്

**A**

A

| | |
| --- | --- |
| **ചോദ്യങ്ങളുടെ ആകെ എണ്ണം : 100** | **സമയം : 90 മിനിട്ട്** |
| **പരമാവധി മാർക്ക് : 100** | |

**ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ**

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യപുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. കൊളോണിയൽ ഭരണത്തിൻ കീഴിൽ ബ്രിട്ടൺ മലബാറിൽ നടപ്പാക്കിയ പരിഷ്ക്കാരങ്ങളിൽ ശരിയായ പ്രസ്താവന കണ്ടെത്തുക.

   1. കണ്ണൂർ അഞ്ചരക്കണ്ടിയിൽ സുഗന്ധ വിള തോട്ടം ആരംഭിച്ചു.
   2. കോഴിക്കോട്, കണ്ണൂർ, തലശ്ശേരി, മലപ്പുറം എന്നീ നഗരസഭകൾ ആരംഭിച്ചു.
   3. മലപ്പുറം നിലമ്പൂരിൽ തേക്ക് തോട്ടം നിർമ്മിച്ചു.

   A) 1, 2
   B) 1, 3
   C) 2, 3
   D) എല്ലാം ശരിയാണ്

2. താഴെ കാണിച്ചിട്ടുള്ളവയിൽ ശരിയായ പ്രസ്താവനകൾ കണ്ടെത്തുക.

   1. 1865-ൽ തിരുവനന്തപുരം മഹാരാജാസ് കോളേജ് ആരംഭിച്ചു.
   2. 1875-ൽ എറണാകുളം മഹാരാജാസ് കോളേജ് ആരംഭിച്ചു.
   3. 1937-ൽ തിരുവിതാംകൂർ സർവ്വകലാശാല ആരംഭിച്ചു.

   A) 2, 3
   B) 1, 2
   C) 1, 3
   D) എല്ലാം ശരിയാണ്

3. ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യ സമര കാലഘട്ടത്തിലെ ചിത്രകലയുമായി ബന്ധപ്പെട്ട് നൽകിയ പ്രസ്താവനകളിൽ തെറ്റ് ഏത് ?

   1. ബ്രിട്ടീഷ് വനിതകളും കുട്ടികളും അനുഭവിച്ച യാതന വെളിപ്പെടുത്തുന്ന ചിത്രമാണ് 'ജസ്റ്റിസ്' ജോസഫ് നോയൽ പാറ്റൺ ആണ് ഈ ചിത്രം വരച്ചത്.
   2. ഗവർണർ ജനറൽ ആയിരുന്ന കാനിംഗ് പ്രഭുവിനെ വിമർശിച്ച് കൊണ്ട് കാർട്ടൂൺ പുറത്തിറക്കിയ പത്രമാണ് 'പഞ്ച്'.
   3. 'ലഖ്നൗവിന്റെ ആശ്വാസം' എന്ന ചിത്രം വരച്ചത് തോമസ് ജോൺസ് ബാർക്കറായിരുന്നു. ചിത്രം പ്രസിദ്ധീകരിച്ചത് 1858 ആയിരുന്നു.

   A) 1, 2
   B) 2, 3
   C) 1, 3
   D) എല്ലാം തെറ്റാണ്

4. താഴെ കാണിച്ചവയിൽ നിന്നും ശരിയായ പ്രസ്താവന കണ്ടെത്തുക.

   1. സൈമൺ കമ്മീഷൻ റിപ്പോർട്ട് ചർച്ച ചെയ്യാനാണ് വട്ടമേശ സമ്മേളനങ്ങൾ വിളിച്ചു ചേർത്തത്.

   2. ആദ്യ രണ്ടുവട്ടമേശ സമ്മേളനങ്ങളിലും ഗാന്ധിജി പങ്കെടുത്തു.

   3. വട്ടമേശ സമ്മേളനത്തിന്റെ പരാജയത്തോടെ ഗാന്ധിജിയുടെ നേതൃത്വത്തിൽ നിയമലംഘന പ്രസ്ഥാനം ആരംഭിച്ചു.

   A) 1, 3
   B) 2, 3
   C) 2, 1
   D) എല്ലാം ശരിയാണ്

5. താഴെ കാണിച്ചിരിക്കുന്ന പ്രസ്താവനകളിൽ ശരിയായവ കണ്ടെത്തുക.

   1. UNICEF-ന്റെ 8-ാമത് എക്സിക്യൂട്ടീവ് ഡയറക്ടർ കാതറിൻ റസൽ ആണ്.

   2. ഐക്യരാഷ്ട്ര സംഘടന 2024-നെ ‘ഒട്ടകങ്ങളുടെ’ വർഷമായി പ്രഖ്യാപിച്ചു.

   3. ‘‘സ്ത്രീകളിൽ നിക്ഷേപിക്കുക പുരോഗതി ത്വരിതപ്പെടുത്തുക’’ എന്നതാണ് 2024-ലെ അന്താരാഷ്ട്ര വനിത ദിനത്തിന്റെ മുദ്രാവാക്യം

   A) 1, 2
   B) 2, 3
   C) 1, 3
   D) എല്ലാം ശരിയാണ്

6. ‘നെബുല’ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ് ആര് ?

   A) മെക്കൻസി
   B) മോർഗൺ
   C) ഇമ്മാനുവൽകാന്റ്
   D) ചേമ്പർലിൻ

7. ‘P’ ഭൂകമ്പ തരംഗത്തിന്റെ നിഴൽ മേഖല ഉൾപ്പെടുന്നത് എത്ര ഡിഗ്രിക്കുള്ളിലാണ് ?

   A) 0° – 100°
   B) 103° – 142°
   C) 150° – 180°
   D) ഇവയേതുമല്ല

8. ഉത്തര അറ്റ്ലാന്റിക്ക് സമുദ്രത്തിലുൾപ്പെടാത്ത സമുദ്രജല പ്രവാഹമേത് ?

   A) ഗൾഫ് സ്ട്രീം
   B) ലാബ്രഡോർ
   C) കാലിഫോർണിയ
   D) കാനറീസ്

9. ഉപദ്വീപീയ നദിയായ 'കൃഷ്ണ' യുടെ ഉൽഭവസ്ഥാനം ഏത് ?

A) ബ്രഹ്മഗിരി കുന്നുകൾ
B) മഹാബലേശ്വർ
C) സിഹാവ
D) അമർഖണ്ഡക്ക്

10. ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ പേടകമിറക്കിയ ഇന്ത്യയുടെ ചാന്ദ്രദൗത്യം

A) ചന്ദ്രയാൻ I
B) ചന്ദ്രയാൻ II
C) ചന്ദ്രയാൻ III
D) ചന്ദ്രയാൻ IV

11. ചുവടെ നൽകിയിരിക്കുന്നതിൽ ഏതെല്ലാമാണ് ഇന്ത്യയുടെ പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ?

A) വളർച്ച, ആധുനികവൽക്കരണം
B) ആധുനികവൽക്കരണം, സ്വാശ്രയത്വം
C) സ്വാശ്രയത്വം, സമത്വം
D) ഇവയെല്ലാം

12. i. കൃഷി

ii. ഖനനവും, പാറവെട്ടും

iii. ഉൽപ്പന്ന നിർമ്മാണം

iv. വൈദ്യുതി, ഗ്യാസ്, ജല വിതരണം

v. നിർമ്മാണ പ്രവർത്തനങ്ങൾ

vi. വ്യാപാരം

vii. ഗതാഗതവും, സംഭരണവും

viii. സേവനങ്ങൾ

മേൽപറഞ്ഞ സാമ്പത്തിക പ്രവർത്തനത്തിൽ ചുവടെ നൽകിയിരിക്കുന്നതിൽ യോജിച്ച പ്രസ്താവന ഏത് ?

A) പ്രാഥമിക മേഖല – (i, ii, iv)
B) ദ്വിതീയ മേഖല – (ii, iii, iv, v)
C) സേവന മേഖല – (iv, vi, vii, viii)
D) ഇവയൊന്നുമല്ല

13. ഹരിതവിപ്ലവുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിരിക്കുന്നതിൽ യോജിക്കാത്ത പ്രസ്താവന ഏത് ?

A) ഹരിതവിപ്ലവത്തിൽ അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിച്ചു.

B) ഹരിതവിപ്ലവത്തിന്റെ രണ്ടാംഘട്ടം ഏകദേശം 1960-ന്റെ പകുതി മുതൽ 1970-ന്റെ പകുതി വരെയാണ്.

C) ഹരിതവിപ്ലവ സാങ്കേതിക വിദ്യയുടെ വ്യാപനം ഇന്ത്യയെ ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ പ്രാപ്തമാക്കി.

D) ഹരിതവിപ്ലവത്തിന് ഉപയോഗപ്പെടുത്തിയ സാങ്കേതിക വിദ്യയുടെ പരിണിതഫല മായി ചെറുകിട കർഷകരും വൻകിട കർഷകരും തമ്മിലുള്ള അന്തരം വർധിച്ചു.

14. പുറംപണിക്കരാർ (out sourcing) നവ സാമ്പത്തിക പരിഷ്കാരത്തിന്റെ ഏത് നയത്തിന്റെ പരിണിതഫലമാണ് ?

A) ആഗോളവൽക്കരണം
B) സ്വകാര്യവൽക്കരണം
C) ഉദാരവൽക്കരണം
D) വാണിജ്യവൽക്കരണം

15. അന്ത്യോദയ അന്നയോജന നിലവിൽ വന്ന വർഷം

A) 25 ഡിസംബർ 2001
B) 25 ഡിസംബർ 2000
C) 25 ഡിസംബർ 2010
D) ഇവയൊന്നുമല്ല

16. ചേരുംപടി ചേർക്കുക.

| | |
|---|---|
| 1. ലക്ഷ്യപ്രമേയം | a. ബി. എൻ. റാവു |
| 2. ഭരണഘടനാ നിർമ്മാണസഭാ നിയമോപദേശകൻ | b. Dr. സച്ചിദാനന്ദ സിൻഹ |
| 3. ഭരണഘടനാ നിർമ്മാണസഭാ ആദ്യചെയർമാൻ | c. വല്ലഭായി പട്ടേൽ |
| 4. ഭരണഘടനാ നിർമ്മാണസഭാ പ്രവിശ്യാ ഭരണഘടനാ സമിതിയുടെ ചെയർമാൻ | d. ജവഹർലാൽ നെഹ്റു |

A) 1 – d, 2 – a, 3 – c, 4 – b

B) 1 – d, 2 – a, 3 – b, 4 – c

C) 1 – a, 2 – d, 3 – b, 4 – c

D) 1 – a, 2 – b, 3 – c, 4 – d

17. ഇന്ത്യൻ ഭരണഘടനയിലെ നിർദ്ദേശകതത്ത്വങ്ങളുടെ വകുപ്പുകൾ ശരിയായി ക്രമീകരിക്കുക.

| | | | |
|---|---|---|---|
| 1. | കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക | a. | വകുപ്പ് 51 |
| 2. | ഏകീകൃത സിവിൽകോഡ് നടപ്പിലാക്കുക | b. | വകുപ്പ് 43 |
| 3. | ഗോവധം നിരോധിക്കുക | c. | വകുപ്പ് 44 |
| 4. | അന്താരാഷ്ട്ര സമാധാനവും സുരക്ഷയും | d. | വകുപ്പ് 48 |

A) 1 – a, 2 – b, 3 – c, 4 – d

B) 1 – b, 2 – c, 3 – d, 4 – a

C) 1 – d, 2 – c, 3 – b, 4 – a

D) 1 – b, 2 – c, 3 – a, 4 – d

18. ഇന്ത്യൻ ഭരണഘടനാ ഭേദഗതികളുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏവ ?

1. വകുപ്പ് 378 ഭേദഗതികളെക്കുറിച്ച് പ്രതിപാദിക്കുന്നു.
2. ഭേദഗതിയുടെ സവിശേഷതകൾ കടം എടുത്തിരിക്കുന്നത് ഐയർലണ്ടിൽ നിന്നുമാണ്.
3. ഇതുവരെ ഭരണഘടന 103 പ്രാവശ്യം ഭേദഗതി ചെയ്തു.
4. ഇന്ത്യൻ ഭരണഘടന ആദ്യമായി ഭേദഗതി ചെയ്തത് 1950 മാർച്ച് 14 നാണ്.

A) എല്ലാ പ്രസ്താവനകളും തെറ്റാണ്

B) എല്ലാ പ്രസ്താവനകളും ശരിയാണ്

C) 2, 4

D) 1, 4

19. കേരളാ ഗവർണ്ണറുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന/പ്രസ്താവനകൾ ഏവ ?

1. ആരിഫ് മുഹമ്മദ് ഖാൻ കേരളത്തിന്റെ 22-ാം മത് ഗവർണർ ആണ്.
2. ആരിഫ് മുഹമ്മദ് ഖാൻ ഉത്തർപ്രദേശ്കാരനാണ്.
3. ആരിഫ് മുഹമ്മദ് ഖാൻ കേരളാ ഗവർണർ ആയത് 2019 സെപ്റ്റംബറിൽ ആണ്.
4. ആരിഫ് മുഹമ്മദ് ഖാൻ ഉത്തർപ്രദേശിലെ മുൻ മുഖ്യമന്ത്രിയായിരുന്നു.

A) 4

B) 2

C) 1, 3

D) ഇവയൊന്നുമല്ല

20. ഇന്ത്യൻ പാർലമെന്റിന്റെ സംയുക്ത സമ്മേളനവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏവ ?

1. ലോകസഭാ സ്പീക്കറുടെ അഭാവത്തിൽ സംയുക്തസമ്മേളനങ്ങളുടെ അദ്ധ്യക്ഷത വഹിക്കേണ്ടത് ലോകസഭാ ഡെപ്യൂട്ടി സ്പീക്കർ ആണ്.
2. ധനകാര്യ ബില്ലുകൾ സംയുക്ത സമ്മേളനങ്ങളിൽ അവതരിപ്പിക്കാൻ പാടില്ല.
3. ഭരണഘടനയുടെ 108-ാം വകുപ്പുപ്രകാരം പ്രധാനമന്ത്രിയാണ് സംയുക്ത സമ്മേളനം വിളിച്ചു കൂട്ടുന്നത്.
4. ഇതുവരെ 2 പ്രാവശ്യം സംയുക്ത സമ്മേളനങ്ങൾ നടന്നിട്ടുണ്ട്.

A) 1, 4
B) 2, 4
C) 3, 4
D) 1, 2

21. ഇന്ത്യൻ ഭരണഘടനയിലെ കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിഷയങ്ങൾ ഏവ ?

a. വിവാഹവും, വിവാഹമോചനവും
b. ട്രസ്റ്റും, ട്രസ്റ്റികളും
c. പൊതുജനാരോഗ്യം
d. കാടുകൾ
e. കുടുംബാസൂത്രണം

A) b, c, d
B) c, d
C) a, b, d, e
D) e

22. ഇന്ത്യയിലെ ധനകാര്യ കമ്മീഷനുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന/പ്രസ്താവനകൾ ഏവ ?

1. 15-ാം ധനകാര്യകമ്മീഷന്റെ ചെയർമാൻ ശ്രീ. N. K. സിംഗ് ആണ്.
2. ധനകാര്യ കമ്മീഷന്റെ ആദ്യ ചെയർമാൻ ശ്രീ. കെ. സി. നിയോഗിയായിരുന്നു.
3. ഭരണഘടനയുടെ 280-ാം വകുപ്പ് ധനകാര്യ കമ്മീഷനുമായി ബന്ധപ്പെട്ടിരിക്കുന്നു.
4. ധനകാര്യകമ്മീഷൻ നിലവിൽ വന്നത് 1950 ലാണ്.

A) 1, 4
B) 4
C) 1
D) 2

23. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ (KPSC) അദ്ധ്യക്ഷൻ ആയിട്ടില്ലാത്ത വ്യക്തി ആര് ?

a. P. T. ചാക്കോ
b. V. K. വേലായുധൻ
c. M. K. സക്കീർ
d. M. ഗംഗാധര കുറുപ്പ്

A) d
B) c
C) a
D) b

24. കേരളാ ഹൈക്കോടതിയുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന/പ്രസ്താവനകൾ ഏവ ?

1. കേരളാ ഹൈക്കോടതി സ്ഥാപിച്ചത് 1956 നവംബർ ഒന്നിനാണ്.
2. 1973-ൽ കേരളാ ഹൈക്കോടതിയുടെ ആസ്ഥാനം തിരുവനന്തപുരത്തു നിന്നും കൊച്ചിയിലേക്ക് മാറ്റി.
3. ഹൈക്കോടതി ജഡ്ജിമാരുടെ വിരമിക്കൽ പ്രായം 63 വയസ്സോ 6 വർഷമോ ആണ്.
4. ആദ്യത്തെ ചീഫ് ജസ്റ്റിസ് കെ. ടി. കോശിയായിരുന്നു.

A) 2, 3
B) 1, 3
C) 3, 4
D) 2

25. Dr. M. കുഞ്ഞാമൻ എന്ന വ്യക്തിയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏതൊക്കെ ?

1. അദ്ദേഹത്തിന്റെ ജീവചരിത്രമാണ് 'എതിര് '.
2. അദ്ദേഹം പാലക്കാട് ജില്ലയിലെ വാടാനാം കുറിശ്ശിയിൽ 1943-ൽ ജനിച്ചു.
3. 'ഡവലപ്മെന്റ് ഓഫ് ട്രൈബൽ എക്കോണമി' (Development of Tribal Economy) അദ്ദേഹത്തിന്റെ കൃതിയാണ്.
4. 2023 ഡിസംബർ 3 ന് അദ്ദേഹം മരണമടഞ്ഞു.

A) 1, 2, 3
B) 2, 3, 4
C) 1, 3, 4
D) 1, 2, 4

26. വൈഡൽ ടെസ്റ്റ് ഏതു രോഗത്തിന്റെ രോഗനിർണ്ണയ മാർഗ്ഗമാണ് ?

A) എയ്ഡ്സ്
B) മലേറിയ
C) ടൈഫോയ്ഡ്
D) ന്യൂമോണിയ

27. മനുഷ്യരിലെ ഹീമോഗ്ലോബിനെക്കുറിച്ചുള്ള തെറ്റായ പ്രസ്താവനയേത് ?

A) അയേൺ അടങ്ങിയിരിക്കുന്നു.
B) ആരോഗ്യമുള്ള മനുഷ്യന്റെ 100 മില്ലീലിറ്റർ രക്തത്തിൽ 12-16 ഗ്രാം ഹീമോഗ്ലോബിൻ കാണപ്പെടുന്നു.
C) അതിൽ പ്രോട്ടീൻ ഇല്ല.
D) ശ്വസന വാതകങ്ങളെ രക്തത്തിലൂടെ വഹിക്കുന്നു.

28. രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് കുറയ്ക്കാൻ പാൻക്രിയാസ് ഗ്രന്ഥി ഉല്പാദിപ്പിക്കുന്ന ഹോർമോൺ ഏത് ?

A) ഇൻസുലിൻ
B) ഗ്ലൂക്കഗോൺ
C) മെലാടോണിൻ
D) തൈറോക്സിൻ

29. 2024-ലെ വൈദ്യശാസ്ത്രത്തിനുള്ള നോബൽ സമ്മാനം വിക്ടർ ആംബ്രോസിനും ഗാരി റുവ്കനും ലഭിച്ചത് ഏത് കണ്ടുപിടുത്തത്തിനാണ് ?

A) മൈക്രോ പ്രോട്ടീൻ
B) ടി. ആർ. എൻ. എ.
C) മൈക്രോ ഡി. എൻ. എ.
D) മൈക്രോ ആർ. എൻ. എ.

30. താഴെ കൊടുത്തിരിക്കുന്നവയിൽ അടിസ്ഥാന അളവ് ഏതാണ് ?

A) വ്യാപ്തം
B) സാന്ദ്രത
C) സമയം
D) മർദ്ദം

31. ഒരു വസ്തു അതിന്റെ തുലനാവസ്ഥയിൽ ആകെ ബലം

A) പൂജ്യം
B) കൊടുക്കുന്ന ബലത്തിന്റെ പകുതി
C) കൊടുക്കുന്ന ബലം
D) കൊടുക്കുന്ന ബലത്തിന്റെ ഇരട്ടി

32. ചന്ദ്രനിൽ ഇറങ്ങുന്ന ആദ്യ സ്വകാര്യ പേടകം

A) ലൂണ 2
B) ഒഡീസിയസ്
C) ചന്ദ്രയാൻ 1
D) അപ്പോളോ 11

33. താഴെപ്പറയുന്നവയിൽ കാർബണിന്റെ രൂപാന്തരമല്ലാത്തത് ഏത് ?

A) ഗ്രാഫൈറ്റ്
B) ഫുള്ളറിൻ
C) കാർബൺ ഡയോക്സൈഡ്
D) ഡയമണ്ട്

34. അക്വാറീജിയ ഏതൊക്കെ ആസിഡുകളുടെ മിശ്രിതമാണ് ?

A) സൾഫ്യൂരിക്ക് ആസിഡിന്റേയും ഹൈഡ്രോക്ലോറിക്ക് ആസിഡിന്റേയും
B) സൾഫ്യൂരിക്ക് ആസിഡിന്റേയും നൈട്രിക്ക് ആസിഡിന്റേയും
C) ഹൈഡ്രോക്ലോറിക്ക് ആസിഡിന്റേയും നൈട്രിക്ക് ആസിഡിന്റേയും
D) ഹൈഡ്രോക്ലോറിക്ക് ആസിഡിന്റേയും അസെറ്റിക് ആസിഡിന്റേയും

35. ഒരു ന്യൂട്രൽ ലായനിയുടെ $P^H$മൂല്യം എത്ര ?

A) പൂജ്യം
B) ഒന്ന്
C) അഞ്ച്
D) ഏഴ്

36. 'കർണശപഥം' ആട്ടക്കഥ രചിച്ചതാര് ?

A) ഇരയിമ്മൻ തമ്പി
B) കോട്ടയത്ത് തമ്പുരാൻ
C) മാലി
D) ഉണ്ണായി വാര്യർ

37. ''പുഞ്ചിരി, ഹാ
കുലീനമാം കള്ളം
നെഞ്ചു കീറി ഞാൻ
നേരിനെ കാട്ടാം'' – വൈലോപ്പിള്ളിയുടെ ഏത് കൃതിയിലെ വരികളാണിത് ?

A) കന്നിക്കൊയ്ത്ത്
B) കുടിയൊഴിക്കൽ
C) മകരകൊയ്ത്ത്
D) കയ്പവല്ലരി

38. 2024-ലെ പാരീസ് ഒളിമ്പിക്സിൽ ഇന്ത്യ നേടിയ ആകെ മെഡലുകളുടെ എണ്ണം

A) 7
B) 3
C) 4
D) 6

39. നിലവിൽ ഇന്ത്യയുടെ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ആര് ?

A) സഞ്ജീവ് ഖന്ന
B) ബി. ആർ. ഗവായ്
C) ഡി. വൈ. ചന്ദ്രചൂഡ്
D) യു. യു. ലളിത്

40. ''ഒരു രാഷ്ട്രം, ഒരു തെരഞ്ഞെടുപ്പ്'' എന്ന ആവശ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സമർപ്പിച്ച കമ്മിറ്റി ഏത് ?

A) വെങ്കയ്യ നായിഡു കമ്മിറ്റി
B) പ്രണവ് മുഖർജി കമ്മിറ്റി
C) സാം പിത്രോഡ കമ്മിറ്റി
D) രാംനാഥ് കോവിന്ദ് കമ്മിറ്റി

41. ഒരു തെരഞ്ഞെടുപ്പിൽ ആകെ 2 സ്ഥാനാർത്ഥികൾ മത്സരിക്കുന്നു. അതിൽ ഒരാൾക്ക് 48% വോട്ട് ലഭിച്ചെങ്കിലും 256 വോട്ടിന് അയാൾ പരാജയപ്പെട്ടു എങ്കിൽ ആകെ വോട്ടർമാരുടെ എണ്ണം എത്ര ?

A) 4600 B) 5600

C) 6400 D) 6500

42. ഒരു നിശ്ചിത തുകയുടെ 2 വർഷത്തെ കൂട്ടു പലിശ 315 രൂപയും അതേ തുകയുടെ സാധാരണ പലിശ 300 രൂപയും ആണെങ്കിൽ വാർഷിക പലിശ നിരക്ക് എത്ര യായിരിക്കും ?

A) 8% B) 10%

C) 9% D) 7%

43. ഒരാൾ X-ൽ നിന്നും Y-യിലേയ്ക്ക് മണിക്കൂറിൽ 30 km വേഗതയിൽ സഞ്ചരിച്ചു. തിരികെ മണിക്കൂറിൽ 20 km വേഗതയിൽ സഞ്ചരിച്ച് അയാൾ X-ൽ എത്തി. ആകെ 10 മണിക്കൂർ സമയം യാത്രയ്ക്ക് എടുത്തെങ്കിൽ X-ൽ നിന്നും Y-ലേയ്ക്കുള്ള ദൂരം എത്ര ?

A) 120 km B) 100 km

C) 110 km D) 115 km

44. രമേശും അനന്തുവും കൂടി ഒരുമിച്ച് ഒരു ജോലി 6 ദിവസം കൊണ്ട് ചെയ്ത് തീർക്കും. അതേ ജോലി രമേശ് 9 ദിവസം കൊണ്ട് ചെയ്തു തീർക്കുമെങ്കിൽ അനന്തുവിന് ആ ജോലി ചെയ്ത് തീർക്കാൻ എത്ര ദിവസം വേണം ?

A) 15 B) 12

C) 16 D) 18

45. ഒരു ക്ലോക്കിലെ സമയം 7.20 ആണെങ്കിൽ മണിക്കൂർ സൂചിയും മിനിട്ട് സൂചിയും തമ്മിലുള്ള കോണളവ് എത്ര ?

A) 90° B) 120°

C) 60° D) 100°

46. ഒരു ക്ലാസ്സിലെ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ശരാശരി ഭാരം 40 kg ആണ്. ആൺകുട്ടികളുടെ ശരാശരി ഭാരം 42 kg യും പെൺകുട്ടികളുടെ ശരാശരി ഭാരം 35 kg യും ആണ്. ആ ക്ലാസ്സിൽ 25 ആൺകുട്ടികൾ ഉണ്ടെങ്കിൽ പെൺകുട്ടി കളുടെ എണ്ണം എത്ര ?

A) 15 B) 10

C) 12 D) 20

47. ഒരു ക്ലോക്കിലെ സമയം 9.15 ആണെങ്കിൽ കണ്ണാടിയിലെ അതിന്റെ പ്രതിബിംബം കാണിക്കുന്ന സമയമെത്ര ?

A) 2.45 B) 3.45

C) 1.45 D) 2.15

48. 2007 ജനുവരി ഒന്ന് തിങ്കളാഴ്ച ആയാൽ 2017 ജനുവരി ഒന്ന് ഏത് ദിവസം ആയിരിക്കും ?

A) തിങ്കൾ B) ചൊവ്വ

C) ഞായർ D) ശനി

49. 40, 20, 20, 30, 60, X ഇവ ഒരു ശ്രേണിയിലെ പദങ്ങൾ ആണെങ്കിൽ X-ന്റെ മൂല്യം എത്രയാണ് ?

A) 120 B) 150

C) 90 D) 180

50. HEAD എന്ന വാക്കിനെ JHEI എന്നെഴുതിയാൽ NOSE എന്ന വാക്കിനെ എങ്ങനെ എഴുതാം ?

A) PWRJ B) PRJW

C) PRWJ D) PJRW

51. ജലത്തിന്റെ ബാഷ്പീകരണ ലീനതാപം (ലേറ്റന്റ് ഹീറ്റ് ഓഫ് വേപ്പറൈസേഷൻ) എത്രയാണ് ?

A) 450 Kcal/Kg B) 4200 J/Kg per °C

C) 540 Kcal/Kg D) 2400 J/Kg per °C

52. BLEVE എന്നതിന്റെ പൂർണ്ണരൂപം എന്ത് ?

A) ബോയിലിംഗ് ലിക്വിഡ് എമിറ്റിംഗ് വേപ്പർ എക്സ്പ്ലോഷൻ

B) ബോയിലിംഗ് ലിക്വിഡ് എക്സ്പ്ലോഡിംഗ് വേപ്പർ എക്സ്പ്ലോഷൻ

C) ബോയിലിംഗ് ലിക്വിഡ് എക്സ്പാന്റിംഗ് വേപ്പർ എക്സ്പ്ലോഷൻ

D) ബേസിക് ലിക്വിഡ് എക്സ്പ്ലോഡിംഗ് വേപ്പർ എക്സ്പ്ലോഷൻ

53. ചേരുംപടി ചേർക്കുക.

| I | II |
|---|---|
| i. DCP എക്സ്റ്റിംഗ്യൂഷർ | a. ദ്രവ ഇന്ധനങ്ങളിലെ തീപിടിത്തം |
| ii. $CO_2$ എക്സ്റ്റിംഗ്യൂഷർ | b. തടി, പേപ്പർ തുടങ്ങിയവയിലെ തീപിടിത്തം |
| iii. ഫോം എക്സ്റ്റിംഗ്യൂഷർ | c. സൈഫൺ ട്യൂബ് |
| iv. ജല എക്സ്റ്റിംഗ്യൂഷർ | d. ഡിസ്ചാർജ് ഹോൺ |

A) i – c, ii – d, iii – a, iv – b

B) i – a, ii – c, iii – d, iv – b

C) i – d, ii – c, iii – b, iv – a

D) i – b, ii – d, iii – a, iv – c

54. താഴെപ്പറയുന്നവയിൽ ഉത്പതനത്തിന് (സബ്ലിമേഷൻ) ഉദാഹരണമായിപ്പറ യാവുന്ന വസ്തു

i. ഗ്രാമ്പൂ

ii. കർപ്പൂരം

iii. ചന്ദനം

iv. മെഴുക്

A) ii and iii

B) ii മാത്രം

C) ഇവയെല്ലാം

D) ഇവയൊന്നുമല്ല

55. താഴെപ്പറയുന്നവയിൽ ഏറ്റവും കുറഞ്ഞ ഫ്ലാഷ് പോയിന്റുള്ള വസ്തു ഏത് ?

A) നാഫ്ത

B) മണ്ണെണ്ണ

C) ഡീസൽ

D) പെട്രോൾ

56. LEL എന്നതിന്റെ പൂർണ്ണരൂപം എന്ത് ?

A) ലോവർ എക്സ്റ്റിംഗ്യൂഷിംഗ് ലെവൽ

B) ലോവർ എക്സ്പ്ലോസീവ് ലിമിറ്റ്

C) ലോക്കൽ എക്സ്റ്റിംഗ്യൂഷിംഗ് ലിമിറ്റ്

D) ലോവർ എഫ്ലുവന്റ് ലെവൽ

57. ഓം നിയമം (Ohm's Law) പ്രകാരം താഴെപ്പറയുന്നവയിൽ ഏതാണ് ശരി ?

A) V = IR

B) I = VR

C) R = IV

D) ഇവയെല്ലാം

58. താഴെപ്പറയുന്നവയിൽ വൈദ്യുതി മൂലമുള്ള തീപിടിത്തത്തിന്റെ കാരണമാകാവുന്നത് ഏതെല്ലാം ?

i. ഇലക്ട്രിക് ആർക്

ii. ഇൻസുലേഷൻ തകരാർ

iii. സർക്യൂട്ട് ബ്രേക്കറിന്റെ ഉപയോഗം

iv. ശരിയല്ലാത്ത എർത്തിംഗ്

A) i, ii and iii

B) i, ii, iii and iv

C) ii and iv

D) i, ii and iv

59. താഴെപ്പറയുന്നവയിൽ ശ്വാസകോശത്തിലെത്തിയാൽ ഏറ്റവും അപകടകരമായ വാതകമേത് ?

A) കാർബൺ ഡൈ ഓക്സൈഡ്

B) നൈട്രജൻ

C) കാർബൺ മോണോക്സൈഡ്

D) ഓക്സിജൻ

60. താഴെപ്പറയുന്നവയിൽ ശരിയല്ലാത്തതേത് ?

i. ഗ്രീൻ സ്റ്റിക് ഫ്രാക്ചർ സാധാരണയായി പ്രായമായവരിലാണ് സംഭവിക്കുന്നത്.

ii. ഡിപ്രസ്ഡ് ഫ്രാക്ചർ സാധാരണയായി തലയോട്ടിയിലാണ് സംഭവിക്കുന്നത്.

iii. രണ്ടിലധികം കഷണങ്ങളായി ഒരു എല്ല് ഒടിയുന്നതാണ് കമ്മിന്യൂട്ടഡ് ഫ്രാക്ചർ.

iv. എല്ല് ഒടിയുകയും ഒപ്പം ഈ ഭാഗത്തോടു ചേർന്ന് ത്വക്കിൽ മുറിവുണ്ടാകുകയും ചെയ്യുന്നതാണ് കോംപൌണ്ട് ഫ്രാക്ചർ.

A) ഇവയെല്ലാം

B) i only

C) ii and iv

D) ii only

61. താഴെപ്പറയുന്നവയിൽ ഒരേ അർത്ഥം വരുന്നവ ഏതെല്ലാം ?

i. സ്കാൾഡ്

ii. ഫ്രോസ്റ്റ് ബൈറ്റ്

iii. ആസിഡ് ബേൺസ്

iv. കോൾഡ് ബേൺസ്

A) ഇവയെല്ലാം

B) i and iii

C) i, ii and iv

D) ii and iv

62. ഓക്സിജനെ നീക്കം ചെയ്ത് തീ അണയ്ക്കുന്ന മാർഗ്ഗം ഏതാണ് ?

i. സ്റ്റാർവേഷൻ

ii. സ്മോതറിംഗ്

iii. ബ്ലാങ്കറ്ററിംഗ്

iv. ഡീഫ്ലഗ്രേഷൻ

A) i and iv

B) i and ii

C) ii and iii

D) ii, iii and iv

63. CNG യുടെ പ്രധാന ഘടകമാണ്

A) മീതേൻ

B) ഈതേൻ

C) പ്രൊപ്പേൻ

D) ബ്യൂട്ടേൻ

64. CPR എന്നതിന്റെ പൂർണ്ണരൂപം എന്ത് ?

A) ക്ലാസ്സിക് പൾമൊണറി റെസ്ക്യൂ

B) കാർഡിയോ പൾമൊണറി റെസസിറ്റേഷൻ

C) ക്രിറ്റിക്കൽ പേഷ്യന്റ് റെസ്ക്യൂ

D) ക്രിറ്റിക്കൽ പേഷ്യന്റ് റെസസിറ്റേഷൻ

65. എമർജൻസി ഹോർമോണായി അറിയപ്പെടുന്നത് ഏത് ?

A) ഇൻസുലിൻ

B) അഡ്രിനാലിൻ

C) പാരാതോർമോൺ

D) തൈറോക്സിൻ

66. അന്തരീക്ഷ വായുവിൽ ഓക്സിജന്റെ അളവ് ഏകദേശം എത്ര ശതമാനമാണ് ?

A) 41%
B) 32%
C) 12%
D) 21%

67. സാധാരണ നിലയിൽ ശ്വസിക്കുമ്പോൾ ഓരോ തവണയും അകത്തേക്കെടുക്കുകയോ പുറത്തേക്കു വിടുകയോ ചെയ്യുന്ന വായുവിന്റെ അളവാണ്

A) ടൈഡൽ വോളിയം
B) റെസിഡ്യുവൽ വോളിയം
C) നോർമൽ വോളിയം
D) വൈറ്റൽ കപ്പാസിറ്റി

68. രക്തം കട്ടപിടിക്കുന്നതിനു സഹായിക്കുന്ന വിറ്റാമിൻ ആണ്

A) വിറ്റാമിൻ A
B) വിറ്റാമിൻ C
C) വിറ്റാമിൻ K
D) വിറ്റാമിൻ E

69. ഇൻഫർമേഷൻ ടെക്നോളജി ആക്ട് 2000 പ്രകാരം കുട്ടികളെ ലൈംഗികമായി ചിത്രീകരിച്ചിട്ടുള്ള വസ്തുക്കൾ ഇലക്ട്രോണിക് ഫോമിൽ പ്രചരിപ്പിക്കുന്നതിനുള്ള ശിക്ഷയെ സംബന്ധിച്ച് പ്രതിപാദിക്കുന്ന സെക്ഷൻ ഏത് ?

A) സെക്ഷൻ 66 A
B) സെക്ഷൻ 66 C
C) സെക്ഷൻ 67 A
D) സെക്ഷൻ 67 B

70. ഇൻഫർമേഷൻ ടെക്നോളജി ആക്ട് 2000 പ്രകാരം നിയമപരമായ അധികാരം ഉപയോഗിച്ച് അനുമതിയില്ലാതെ ഒരു വ്യക്തിയുടെ ഇലക്ട്രോണിക് ഡേറ്റയിലേക്ക് കടന്നുകയറുകയും അത് മറ്റൊരു വ്യക്തിക്ക് വെളിപ്പെടുത്തി നൽകുകയും ചെയ്യുന്നതിനുള്ള ശിക്ഷ സംബന്ധിച്ച് പ്രതിപാദിക്കുന്ന സെക്ഷൻ ഏത് ?

A) സെക്ഷൻ 73
B) സെക്ഷൻ 72
C) സെക്ഷൻ 27
D) സെക്ഷൻ 67

71. ഒരു ഗുഡ്സ് കാര്യാജിന്റെ ഗ്രോസ് വെഹിക്കിൾ വെയിറ്റ് 12000 കിലോഗ്രാമിൽ കൂടുതലാണെങ്കിൽ അതിനെ __________ എന്നു പറയുന്നു.

A) മീഡിയം ഗുഡ്സ് വെഹിക്കിൾ
B) ലൈറ്റ് ഗുഡ്സ് വെഹിക്കിൾ
C) ഹെവി പാസഞ്ചർ വെഹിക്കിൾ
D) ഹെവി ഗുഡ്സ് വെഹിക്കിൾ

72. യാത്രക്കാരെ കയറ്റുന്നതിന് ഉപയോഗിക്കുന്നതും കുറഞ്ഞത് നാല് വീൽ ഉള്ളതുമായ വാഹനങ്ങൾ __________ തരത്തിൽ പെടുന്നത് ആണ്.

A) M B) L1 C) L2 D) N

73. ഹസാർഡ്സ് ഗുഡ്സ് കൊണ്ടുപോകുന്ന ട്രാൻസ്പോർട്ട് വാഹനങ്ങൾ ഓടിക്കുന്നതിനുള്ള ലൈസൻസിന്റെ കാലാവധി __________ വർഷമാണ്.

A) 5 B) 15 C) 3 D) 1

74. താഴെപ്പറയുന്ന ഏതൊക്കെ കാരണങ്ങൾ കൊണ്ട് ഒരു ലൈസൻസിംഗ് അതോറിറ്റിക്ക് ഡ്രൈവിംഗ് ലൈസൻസ് അയോഗ്യത കൽപ്പിക്കാൻ കഴിയും ?

I. ഗുഡ്സ് വാഹനങ്ങളിൽ ഓവർലോഡ് കയറ്റിയാൽ.

II. ഒരു പബ്ലിക് സർവീസ് വാഹനം ഓടിക്കുമ്പോൾ ഡ്രൈവർ പുക വലിച്ചുകൊണ്ട് വാഹനം ഓടിച്ചാൽ.

III. ഡ്രൈവർ യാത്രക്കാരെ ആക്രമിച്ചാൽ.

A) I and II B) III and I
C) I, II and III D) II and III

75. കാവൽക്കാരൻ ഇല്ലാത്ത റെയിൽവേ ലെവൽ ക്രോസിംഗിൽ ഡ്രൈവർ സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തെല്ലാം ?

A) ഹോൺ മുഴക്കിക്കൊണ്ട് പെട്ടെന്ന് പോകുക

B) മറ്റ് ഏതെങ്കിലും ഒരു വാഹനം കടന്നുപോകും വരെ നിൽക്കുക

C) വാഹനം റോഡിന്റെ ഇടതു സൈഡിൽ നിർത്തിയതിനുശേഷം ഡ്രൈവർ വാഹനത്തിൽ നിന്നും ഇറങ്ങി റെയിൽവേ ട്രാക്കിന്റെ രണ്ടു വശങ്ങളിൽ നിന്നും ട്രെയിൻ വരുന്നില്ല എന്ന് ഉറപ്പുവരുത്തുക

D) ട്രെയിൻ കടന്നുപോകും വരെ അവിടെ നിൽക്കുക

76. താഴെപ്പറയുന്നതിൽ ഏതൊക്കെയാണ് പബ്ലിക് സർവീസ് വെഹിക്കിൾസ്

I. മോട്ടോർ ക്യാബ്

II. സ്റ്റേജ് ക്യാരിയേജ്

III. ഗുഡ്സ് ക്യാരേജ്

A) I and II B) III and I
C) I, II and III D) II and III

77. എട്ടുവർഷം വരെ പ്രായമുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ലഭിക്കുന്ന സർട്ടി ഫിക്കറ്റ് ഓഫ് ഫിറ്റ്നസിന്റെ കാലാവധി എത്ര വർഷം ആണ് ?

A) 1  B) 3  C) 2  D) 4

78. റോഡിന്റെ മധ്യഭാഗം തുടർച്ചയായ മഞ്ഞ വര വരച്ചിട്ടുണ്ട് എങ്കിൽ വാഹനങ്ങൾ

A) മഞ്ഞ വര കടന്നു ഓവർടേക്ക് ചെയ്യാവുന്നതാണ്

B) വാഹനങ്ങൾ വേഗത കുറച്ച് പോകേണ്ടതാണ്

C) മഞ്ഞ വരയിൽ കയറുവാനോ കടന്നു പോകാനോ പാടില്ല

D) മറ്റു വാഹനങ്ങളെ മഞ്ഞ വരയിൽ കൂടി ഓവർടേക്ക് ചെയ്തു പോകാൻ അനുവദിക്കുക

79. നിങ്ങളുടെ വാഹനം ഒരു ട്രാഫിക് ഐലൻഡിനെ സമീപിക്കുമ്പോൾ ആമ്പർ ലൈറ്റ് തെളിയുകയും കെടുകയും ചെയ്തുകൊണ്ടിരുന്നാൽ എങ്ങനെ കടന്നു പോകണം ?

A) വാഹനം ട്രാഫിക് ഐലൻഡിന് സമീപം സ്റ്റോപ്പ് ലൈൻ മുമ്പായി നിർത്തിയിടുക

B) വാഹനത്തിന്റെ വേഗത കുറച്ച് ട്രാഫിക് ഇന്റർ സെക്ഷനിൽ കാൽനട യാത്ര ക്കാരോ മറ്റു വാഹനങ്ങളോ ഉണ്ടെങ്കിൽ അവയ്ക്ക് വഴി കൊടുത്ത് ശ്രദ്ധയോടു കൂടി കടന്നു പോവുക

C) വാഹനം വേഗത വർദ്ധിപ്പിച്ച് പെട്ടെന്ന് കടന്നുപോവുക

D) വാഹനം ചുവന്ന സിഗ്നൽ ലൈറ്റ് കത്തുന്നതിനുവേണ്ടി കാത്തുനിൽക്കുക

80. മോട്ടോർ വാഹന നിയമത്തിലെ 112 വകുപ്പ് എന്തിനെ കുറിച്ച് പ്രതിപാദിക്കു ന്നതാണ് ?

A) ഓവർലോഡിനെ കുറിച്ച്

B) ട്രാഫിക് സിഗ്നലിനെ കുറിച്ച്

C) ലൈൻ ട്രാഫിക്കിനെ കുറിച്ച്

D) വേഗതയെക്കുറിച്ച്

81. താഴെപ്പറയുന്നതിൽ ഐ സി എഞ്ചിൻ അല്ലാത്ത് ഏതാണ് ?

A) പെട്രോൾ എൻജിൻ  B) ഡീസൽ എൻജിൻ

C) സ്റ്റീം എൻജിൻ  D) 2 സ്ട്രോക്ക് എൻജിൻ

82. നിങ്ങൾ ഓടിക്കുന്ന വാഹനം ഒരു അപകടത്തിൽപെട്ട് ആർക്കെങ്കിലും പരിക്കു പറ്റിയാൽ നിങ്ങൾ എന്തു ചെയ്യണം ?

A) അപ്പോൾ തന്നെ അവിടെ നിന്നും വാഹനവുമായി പോകണം

B) വാഹനം നിർത്തിയിട്ട് അപ്പോൾ തന്നെ അടുത്തുള്ള പോലീസ് സ്റ്റേഷനിൽ പോകണം

C) വൈദ്യസഹായം ഏർപ്പെടുത്തണം, അടുത്തുള്ള പോലീസ് സ്റ്റേഷനിൽ 24 മണിക്കൂറിനുള്ളിൽ വിവരം അറിയിക്കണം

D) വാഹനം റോഡിന്റെ ഇടതു സൈഡ് ചേർത്തു നിർത്തി പോലീസ് വരുന്നതുവരെ കാത്തു നിൽക്കുക

83. താങ്കൾ വാഹനം ഓടിക്കുമ്പോൾ പുറകിൽ നിന്നും ഒരു ആംബുലൻസ് കടന്നു വന്നാൽ

A) ഒരു തരത്തിലുള്ള മുൻഗണനയും കൊടുക്കേണ്ടതില്ല

B) നമ്മുടെ മുന്നിലുള്ള വാഹനം വശത്തിലേക്ക് മാറ്റിയാൽ മാത്രം നമ്മുടെ വാഹനം വശത്തിലേക്ക് മാറ്റുക

C) വാഹനം ഇടതു സൈഡിലേക്ക് മാറ്റി ആംബുലൻസിന് വഴി ഒരുക്കുക

D) വാഹനം റോഡിൽ തന്നെ നിർത്തിയിടുക

84. ഒരു വാഹനത്തിൽ ഓടോമീറ്റർ ഉപയോഗിക്കുന്നത് എന്തിന് ?

A) വാഹനത്തിന്റെ സ്പീഡ് അറിയാൻ

B) വാഹനത്തിന്റെ ഇന്ധനത്തിന്റെ അളവ് അറിയാൻ

C) എൻജിന്റെ ആർ. പി. എം. അറിയാൻ

D) വാഹനം അതുവരെ ഓടിയിട്ടുള്ള മൊത്തം കിലോമീറ്റർ അറിയാൻ

85. എം. എസ്. എം. എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്

A) മാൻ സിഗ്നൽ മിറർ

B) മിറർ സിഗ്നൽ മാൻ

C) മിറർ സിഗ്നൽ ആൻഡ് മന്യൂവർ

D) മിറർ സൈഡ് മിറർ

86. മോട്ടോർ വാഹന നിയമങ്ങൾ ലംഘിക്കുന്ന ആൾക്ക് ശിക്ഷ ലഭിക്കുമെന്ന് പറയുന്ന MV Act, 1988-ലെ ഏത് വകുപ്പിലാണ് (Section) ?

A) Section 185
B) Section 129
C) Section 177
D) Section 183

87. 1988-ലെ മോട്ടോർ വാഹനനിയമത്തിലെ സെക്ഷൻ (Section) 129 പ്രതിപാദിക്കുന്നത് എന്തിനെ കുറിച്ചാണ് ?

A) വാഹനത്തിൽ അമിതഭാരം കയറ്റുന്നതിനെപ്പറ്റി
B) മോട്ടോർ സൈക്കിൾ ഓടിക്കുമ്പോൾ ഹെൽമെറ്റ് ധരിക്കുന്നതിനെപ്പറ്റി
C) അമിത വേഗതയെപ്പറ്റി
D) ട്രാഫിക് സിഗ്നൽ ലംഘനത്തെപ്പറ്റി

88. പൊതുസ്ഥലത്ത് യൂണിഫോമിൽ നിൽക്കുന്ന നിയമപാലകൻ നൽകുന്ന നിർദ്ദേശങ്ങൾ ബോധപൂർവ്വം അനുസരിക്കാത്ത ഡ്രൈവർക്കെതിരെയുള്ള മോട്ടോർ വാഹനനിയമത്തിലെ വകുപ്പ് ഏതാണ് ?

A) Section 184
B) Section 185
C) Section 179
D) Section 183

89. മോട്ടോർ വാഹന നിയമം 1988-ലെ Section 190 (2) എന്തുമായി ബന്ധപ്പെട്ടതാണ് ?

A) അമിത വേഗത
B) ശബ്ദ-വായു മലിനീകരണം
C) അമിത ഭാരം
D) ടിക്കറ്റില്ലാതെ ബസ്സിൽ യാത്ര ചെയ്യുക

90. MV Act, 1988, Section 112 വേഗത പരിധി നിയമ പ്രകാരം, ഇപ്പോൾ ആട്ടോറിക്ഷ (3/wheeler) യുടെ ആറുവരി നാഷണൽ ഹൈവേയിലെ പരമാവധി വേഗത എത്രയായി നിജപ്പെടുത്തിയിരിക്കുന്നു ?

A) 55 കി. മീ./മണിക്കൂർ
B) 50 കി. മീ./മണിക്കൂർ
C) 40 കി. മീ./മണിക്കൂർ
D) 60 കി. മീ./മണിക്കൂർ

91. ബഹുമാനപ്പെട്ട സുപ്രീം കോടതി നല്ല സമരിറ്റേറിയൻ നിയമം (Good Samaritan Law) പാസ്സാക്കിയത് ഏത് വർഷമാണ് ?

A) 2012
B) 2016
C) 2018
D) 2020

92. ലോകത്ത് നടന്ന വാഹന അപകടങ്ങളിൽ മരണമടഞ്ഞവരുടെ ഓർമ്മയ്ക്കായി ലോക ഓർമ്മ ദിനം (World day of remembrance for road traffic victims) ആചരിക്കുന്നത് എന്നാണ് ?

A) എല്ലാ ജനുവരി മാസത്തിലും 10-ാം തീയതി
B) എല്ലാ ഡിസംബർ മാസത്തിലും രണ്ടാമത്തെ ശനിയാഴ്ച
C) എല്ലാ നവംബർ മാസത്തിലും മൂന്നാമത്തെ ഞായറാഴ്ച
D) എല്ലാ ആഗസ്റ്റ് മാസത്തിലും ഒന്നാമത്തെ വെള്ളിയാഴ്ച

93. മോട്ടോർ വാഹന നിയമത്തിലെ ഏത് വകുപ്പ് പ്രകാരമാണ് നിയമപാലകന് ശരിയായ രേഖകൾ ഇല്ലാതെ ഓടുന്ന വാഹനം പിടിച്ചെടുക്കാൻ അധികാരം ഉള്ളത് ?

A) Section 69
B) Section 182
C) Section 206
D) Section 207

94. പ്രായപൂർത്തിയായ വാഹന ഉടമ ലൈസൻസ് ഇല്ലാതെ വാഹനം ഓടിച്ചാൽ ലഭിക്കുന്ന പിഴ തുക എത്രയാണ് ?

A) 1,000 രൂപ
B) 5,000 രൂപ
C) 25,000 രൂപ
D) 1,500 രൂപ

95. ഒരു ലൈറ്റ് മോട്ടോർ കാർ, രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞ് ഓടി എന്ന് തെളിഞ്ഞാൽ അടയ്ക്കേണ്ട ഫൈൻ തുക എത്രയാണ് ?

A) 3,000 രൂപ
B) 2,000 രൂപ
C) 1,000 രൂപ
D) 4,000 രൂപ

96. വാഹനം ഒരു കയറ്റം കയറി കഴിഞ്ഞ് ഇറക്കം ഇറങ്ങുമ്പോൾ ഏത് ഗിയറിലാണ് ഓടിക്കേണ്ടത് ?

A) I$^{st}$ Gear
B) II$^{nd}$ Gear
C) കയറ്റം കയറിയ അതേ ഗിയറിൽ
D) ന്യൂട്രൽ ഗിയറിൽ

97. ഒരു വാഹനത്തിന് നിർബന്ധമായും ഉണ്ടായിരിക്കേണ്ടത് ഏത് തരം ഹോൺ ആണ് ?

A) വാക്വം ഹോൺ
B) എയർ ഹോൺ
C) ഇലക്ട്രിക് ഹോൺ
D) ഇതൊന്നുമല്ല

98. ആർമേർഡ് വാഹനങ്ങൾ (Armoured Vehicles) എന്ന് പൊതുവായി അറിയപ്പെടുന്നത് ഏത് തരം വാഹനങ്ങളാണ് ?

A) KSRTC ബസ്സുകൾ
B) സൈനിക ആവശ്യങ്ങൾക്കുള്ള വാഹനങ്ങൾ
C) ഹെവിഗുഡ്സ് വാഹനങ്ങൾ
D) ആഡംബരക്കാറുകൾ

99. അപകടകരമായ ഹസാർഡ്സ് ഗുഡ്സ് വാഹനങ്ങൾക്ക് (Dangerous Hazardous Goods Vehicles) നിർബന്ധമായും ഉണ്ടായിരിക്കേണ്ടത് എന്താണ് ?

A) എയർഹോൺ
B) ഇലക്ട്രിക് ബ്രേക്ക്
C) വാക്വം ക്ലച്ച്
D) സ്പാർക്ക് അറസ്റ്റർ

100. സൈനിക വാഹനങ്ങൾക്ക് മാത്രം അടിക്കാവുന്നതും, മറ്റ് വാഹനങ്ങൾക്ക് നിരോധിച്ചിട്ടുള്ളതുമായ നിറം ഏതാണ് ?

A) നീല നിറം
B) ഒലീവ് ഗ്രീൻ നിറം
C) മഞ്ഞ നിറം
D) ഇതൊന്നുമല്ല

## Space for Rough Work